● സംഭാഷണം



# കോളയ്ക്കെതിരെ ഞങ്ങൾ ജനങ്ങളോടൊപ്പം : കെ. കൃഷ്ണൻകുട്ടി

ചിറ്റൂർ ഷണ്മുഖദാസ്

**പെരുമാട്ടി പഞ്ചായത്ത് ഭരിക്കുന്ന ജനതാദളിന്റെ സംസ്ഥാന സെക്രട്ടറി ജനറലായും മുൻ എം.എൽ.എ.യുമായ കെ. കൃഷ്ണൻകുട്ടി സംസാരിക്കുന്നു.**



മൾട്ടിനാഷണൽ കമ്പനിയായ കൊക്കക്കോള കമ്പനി പ്ലാച്ചിമടയിൽ തുടങ്ങാൻ തീരുമാനിച്ചപ്പോൾ പ്ലാച്ചിമട ഉൾപ്പെടുന്ന പെരുമാട്ടി ഗ്രാമപഞ്ചായത്ത് തുടക്കത്തിൽ അനുമതി നൽകിയത് മൂവായിരത്തോളം പേർക്ക് തൊഴിൽ ലഭിക്കുമെന്ന പ്രതീക്ഷയിലായിരുന്നുവെന്നും, ഈ കമ്പനി പ്ലാച്ചിമടയിൽ വലിയൊരു പാരിസ്ഥിതിക ദുരന്തം വരുത്തി വയ്ക്കുമെന്നുമുള്ള അറിവ് പാർട്ടി നേതൃത്വത്തിനില്ലാതെ പോയി. പിന്നീട് അത് തിരുത്തിക്കുറിച്ചു. അതുകൊണ്ടാണ് കമ്പനിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതും, പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്തതെന്നും ജനതാദൾ (എസ്) സംസ്ഥാന സെക്രട്ടറി ജനറലും, മുൻ എം.എൽ.എ. യുമായ കെ. കൃഷ്ണൻകുട്ടി കേരളീയത്തിനനുവദിച്ച പ്രത്യേക അഭിമുഖത്തിൽ വ്യക്തമാക്കി.

പ്ലാച്ചിമട ഉൾപ്പെടുന്ന പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ എഴുത്താണികളത്തിലെ സ്ഥിര താമസക്കാരൻ കൂടിയാണിദ്ദേഹം. ജീവിതത്തിൽ ആർക്കും തെറ്റുപറ്റാം. അത് ഏറ്റുപറഞ്ഞ് തിരുത്താൻ തയ്യാറായിരിക്കുകയാണ് ജനതാദൾ. അതുകൊണ്ടാണ് കോളവിരുദ്ധ സമരത്തിന് പിൻതുണ നൽകുവാൻ പാർട്ടി തീരുമാനിച്ചത്.

കഴിഞ്ഞ പത്തുമാസമായി കമ്പനി പൂട്ടിക്കിടക്കുവാനുള്ള കാരണവും, ജനതാദൾ ഭരിക്കുന്ന പെരുമാട്ടി ഗ്രാമപഞ്ചായത്താണ്. കോള ലക്ഷങ്ങൾ നൽകിയാണ് സുപ്രീം കോടതി വക്കീലിനെ വെച്ചത്. എന്നാൽ, ഗ്രാമപഞ്ചായത്ത് കേസ് നടത്തുവാൻ ഒരു തുച്ഛമായ സംഖ്യയാണുള്ളത്.

***? തുടക്കത്തിൽ കോളകമ്പനിക്കനുകൂലമായ നിലപാടായിരുന്നുവല്ലോ താങ്കളുടെ പാർട്ടി സ്വീകരിച്ചിരുന്നത്?***

അത് ശരിയാണ്. കാരണം സാമൂഹികമായും, സാമ്പത്തികമായും വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് പെരുമാട്ടി ഗ്രാമപഞ്ചായത്തിലുള്ളത്. കോളകമ്പനി വന്നാൽ മൂവായിരം പേർക്ക് തൊഴിൽ ലഭിക്കുമെന്നും, അങ്ങനെ വന്നാൽ മൂവായിരം കുടുംബങ്ങൾ രക്ഷപ്പെടുമെന്നും കരുതി.

ഈ കമ്പനി വന്നാലുണ്ടാവുന്ന ദോഷങ്ങളെക്കുറിച്ചൊന്നും ആരും പറഞ്ഞതുമില്ല. ഇപ്പോൾ സമരം നടത്തുന്ന ആദിവാസി സഹോദരങ്ങളെ പല രീതിയിലും ബുദ്ധിമുട്ടിച്ചിട്ടുണ്ട്. കോള വരുത്തി വെയ്ക്കാൻ പോവുന്ന ദുരന്തം അവർ മുൻകൂട്ടി കണ്ടിരുന്നു. അത് മനസിലാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞതുമില്ല.

***? താങ്കൾ കോള കമ്പനിക്ക് വെള്ളം നൽകിയിരുന്നുവല്ലോ? അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്.***

മുന്നൂറോളം തൊഴിലാളികൾ ഇവിടെ ജോലി ചെയ്തുവന്നു. അവരുടെ ജോലി നഷ്ടപ്പെടുമെന്നൊരു അവസ്ഥ കോള മാനേജ്മെന്റുണ്ടാക്കിയിരുന്നു. അത് പരിഹരിക്കാനാണ് വെള്ളം കോളയ്ക്ക് നൽകിയത്. പിന്നീട് അത് ശരിയല്ലെന്നും, പാർട്ടിയുടെ നിലപാട് ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കെതിരാണെന്നും ബോധ്യമായപ്പോൾ വെള്ളം നൽകിയത് നിർത്തിവെയ്ക്കുകയും, കോള കമ്പനിക്കെതിരെ സമരരംഗത്തേക്ക് ഇറങ്ങുകയും ചെയ്തു.

***? ഇടതുപക്ഷം ഭരിക്കുന്ന സമയത്താണല്ലോ ഈ കമ്പനിക്ക് പ്രവർത്തിക്കാൻ അനുമതി നൽകിയത്?***

ശരിയാണ്. ഇടതുമുന്നണിയിൽ ഈ വിഷയം ചർച്ച ചെയ്തിട്ടില്ല. ചെറുകിട കമ്പനികൾക്ക് നൽകുന്ന സർക്കാർ ധനസഹായം വൻകിടക്കാരായ കോള-പെപ്സി കമ്പനികൾ കൈപറ്റിയിട്ടുണ്ട്. 78 ലക്ഷം രൂപ കോളയ്ക്കും, 90 ലക്ഷത്തോളം രൂപ പെപ്സിയ്ക്കും സർക്കാർ വിതരണം ചെയ്തതായാണ് അറിയുന്നത്. ഇത് എൽ.ഡി.എഫിന് പറ്റിയ അപാകതതന്നെയാണ്. ഞങ്ങൾക്ക് വീഴ്ച പറ്റിയിട്ടുണ്ട്. അത് തിരിച്ചറിഞ്ഞിട്ടുണ്ട്. അതാണ് സമരമുഖത്ത് സജീവമായി നിൽക്കാൻ തീരുമാനിച്ചത്.

***? എന്തുകൊണ്ട് ജനതാദൾ സമരം നേരിട്ട് നടത്തുവാൻ തയ്യാറാവുന്നില്ല.***

ജനതാദൾ കേരളത്തിലെ ചെറിയ പാർട്ടിയാണ്. അതുകൊണ്ടുതന്നെ സമരം നേരിട്ട് ഏറ്റെടുത്ത് നടത്തുവാൻ പരിമിതികളുണ്ട്. കേരളത്തിലെ വലിയ പാർട്ടികൾ വിചാരിച്ചാൽ കോളകമ്പനിയെ എന്നേ പൂട്ടിക്കാമായിരുന്നു. ഇവിടെ മനസ്സു വയ്ക്കുന്നില്ലായെന്നതൊരു സത്യമാണ്. ഇപ്പോഴും കടകളിൽ കോളയുടെയും പെപ്സിയുടെയും ശീതള പാനീയങ്ങൾ വിൽപ്പനയ്ക്കെത്തുന്നു. ഇവ കടത്തി കൊണ്ടുവരുന്ന വാഹനങ്ങൾ തടയാൻ തയ്യറായാൽ കേരളത്തിലെ മാർക്കറ്റുകളിൽ ഉൽപ്പന്നങ്ങൾ വിൽക്കാൻ പറ്റുമോ?

ജനതാദൾ ഭരിക്കുന്ന പഞ്ചായത്തിനെ കൊണ്ട് കോളയ്ക്കെതിരെ കേസ് കൊടുക്കാൻ കഴിഞ്ഞു. രാജസ്ഥാൻ കോടതി വിധി വെച്ച് നോക്കുമ്പോൾ ഇവിടെയും കോളക്കെതിരെ ഒരു വിധിയുണ്ടാവുമെന്നു തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

***? പ്ലാച്ചിമടയിലെ കോളവിരുദ്ധ സമരത്തിന്റെ പിന്നിൽ നക്സലൈറ്റുകളാണെന്ന് ഒരു ആരോപണമുണ്ടായിരുന്നുവല്ലോ?***

അത് ശരിയല്ല. പ്ലാച്ചിമടയിലേയും, പരിസരപ്രദേശങ്ങളിലും ആദിവാസികൾ തന്നെയാണ് സമരം നടത്തുന്നത്. ലോകത്ത് ഒരു ബഹുരാഷ്ട്ര കമ്പനിക്കെതിരെ ആദിവാസികൾ നടത്തി വരുന്ന ആദ്യത്തെ സമരമാണിത്.